# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി.എം.എൽ.പി.എസ്
അജാനൂർ.

2025-26.

2.

## ആമുഖം·

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസസാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസനയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസികവളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പനചെയ്തത്.

പൊതുവിദ്യാഭ്യാസത്തെ മികച്ചരീതിയിൽ മുന്നോട്ട്കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് പ്രധാനലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളായിമാറ്റുക എന്ന ലക്ഷ്യത്തോടെ ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന്റെ മികച്ച വഴികാട്ടിയാകുമെന്ന് ഉറപ്പാണ്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്നതാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ. സജീവമായ പി.ടി.എ, എം.പി.ടി.എ അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ മികവിന്റെ പാതയിൽ തുടരാൻ ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഉതകുമെന്ന് പ്രതീക്ഷിക്കുന്നു.

# മലയാളം

## ലക്ഷ്യങ്ങൾ

• എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
• എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
• കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
• ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- മികച്ച വായനാശീലം വളർത്തുക.

## പ്രവർത്തനപദ്ധതികൾ.

1. • എന്റെ പിറന്നാൾ പുസ്തകം.

ഉപമേഖല - വായന.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ലൈബ്രറി പിറന്നാൾ പുസ്തകം പ്രോത്സാഹിപ്പിക്കുന്നു. | June-March | ക്ലാസ്ടീച്ചർ. | |
| 2. • ആകാശവാണി | | | | |
| അർത്ഥപൂർണ്ണമായി വായിക്കാൻ കഴിയുന്നു. | ഒരു ദിനം ഒരു കുട്ടിയുടെ വായന | June-March | ക്ലാസ്ടീച്ചർ. | |

3. വായനാകോർണർ

| | | | | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ക്ലാസ്മുറികളിൽ വായനാകോർണർ ഒരുക്കുന്നു. | June-March | സ്കൂൾ ലൈബ്രറി കമ്മറ്റി. | |
| 4. വായനാകുറിപ്പുകൾ | | | | |
| എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | വായനാകാർഡുകൾ തയ്യാറാക്കൽ. ശില്പശാല. | June-March | ക്ലാസ്ടീച്ചർ. | |

5. കയ്യെഴുത്ത് മാസികകൾ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ. | കുട്ടികളുടെ രചനകൾ ചുമർചിത്രം, കയ്യെഴുത്ത് മാസികൾ എന്നീ രീതിയിൽ ഉണ്ടാക്കുക. | ഓരോ ടേമിലും. | |

6. അരങ്ങത്തേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിച്ച് വേദികളിൽ പ്രകടനം നടത്തുക. | കുട്ടികൾ പഠിച്ച കഥ, പാട്ട് എന്നിവ പ്രകടിപ്പിക്കാൻ അവസരം. | June-March. | വി.രം. ക്ലബ്ബുകൾ. |

## English.

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- വായനാമൂലയിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

1. ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഇംഗ്ലീഷിലെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക. | ആഴ്ച്ചയിലൊരുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒരുദിവസം | ക്ലാസ്ടീച്ചർ | |
| • വായനാക്കോർണർ | ചെറിയ ഇംഗ്ലീഷ് കഥകളുടെ പുസ്തകം ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുക. | June - March | ക്ലാസ്ടീച്ചർ | |
| 2) ഇംഗ്ലീഷ് ഡയറി. രചന മെച്ചപ്പെടുത്തുന്നതിന് | ദിവസത്തെ പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതുക. | June - March. | ക്ലാസ്ടീച്ചർ | |
| 3) ചിത്രം നോക്കാം കഥ എഴുതാം. | വിവിധ ചിത്രങ്ങൾ പ്രദർശിപ്പിച്ച് വിവിധ വ്യവഹാരങ്ങളിലേക്ക് മാറ്റുക. | June - March | ക്ലാസ്ടീച്ചർ | |
| 4) വായനാസാമഗ്രി. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് Reading card. നിർമിക്കൽ. | June - Feb. | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- പരിസര പഠനത്തിൽ താല്പര്യം ജനിപ്പിക്കുക. ശാസ്ത്രബോധം ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണപരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.
- ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.

1. ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രപ്രക്രിയാശേഷികളെ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പഠനോപകരണങ്ങൾ സജ്ജീകരിക്കുക. | ഓരോ ടേമിലും | ക്ലാസ്ടീച്ചർ. | |
| 2. പരീക്ഷണകിറ്റ്. | | | | |
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചയ്ക്കിണങ്ങുന്ന വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യാൻ ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് പരീക്ഷണകിറ്റ് തയ്യാറാക്കൽ | June - March. | ക്ലാസ്ടീച്ചർ. | |
| 3. പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | | | | |
| ശാസ്ത്രപഠന താല്പര്യം, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക. | June - March. | ക്ലാസ്ടീച്ചർ. | |
| 4. ഫീൽഡ് ട്രിപ്പ്. | | | | |
| പൊതുസ്ഥാപനങ്ങൾ തിരിച്ചറിയുക. | പൊതുസ്ഥാപനങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | June - March. | ക്ലാസ്ടീച്ചർ. | |

# ഗണിതം.

## ലക്ഷ്യങ്ങൾ.

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാകുട്ടികളിലും വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഗണിതമൂല. | | | | |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂല ക്രമീകരിക്കൽ (മഞ്ചാടി, കറൻസി നോട്ട്, കാർഡുകൾ, ഈർക്കിൽ) | June. | ക്ലാസ്ടീച്ചർ. | |
| 2. ഗണിതകേളി | | | | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ശില്പശാലകൾ. | June - November | ക്ലാസ്ടീച്ചർ. | |
| 3) ഗണിതവർക്ക്ഷീറ്റ് തയ്യാറാക്കൽ | | | | |
| ഗണിതത്തിലെ പഠനനേട്ടങ്ങൾ എല്ലാകുട്ടികൾക്കും ലഭ്യമാക്കുക. | പഠനനേട്ടവുമായി ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കുക. | June - March. | S.R.G S.S.G. | |
| 4. ഗണിതക്ലാസ്. പി.ടി.എ. | | | | |
| ഓരോക്ലാസിലെയും ഗണിതശേഷിനേട്ടം ഉറപ്പാക്കൽ | ഓരോക്ലാസിലും ഗണിതപാഠങ്ങൾ H.W ഉം രക്ഷിതാക്കൾക്ക് list ചെയ്തു നൽകുന്നു. വീണ്ടും സാവധാനം രക്ഷിതാക്കൾ ശ്രദ്ധിക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ. | |

അറബിക്

<u>ലക്ഷ്യങ്ങൾ</u>

• എല്ലാകുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

• വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പുവരുത്തുക.

• ഐ.ടി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.

1) അറബി വായനോത്സവം.

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | വായനാമത്സരം<br>ക്ലാസ് ലൈബ്രറി<br>റേഡിയോ,<br>വായനാകുറിപ്പുകൾ | June - March | അറബി ടീച്ചർ. | |
| 2. ലോകഭാഷ അറബിഭാഷ. | | | | |
| അറബി ഭാഷയിൽ അടിസ്ഥാന ശേഷി വർദ്ധിപ്പിക്കുക. | ഭാഷാക്കേളികൾ. | June - March. | അറബി ടീച്ചർ. | |
| 3. ലേഖനത്തിൽ ഭാഷാശേഷി വർദ്ധിപ്പിക്കുക. | | | | |
| • ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി. | പതിപ്പുകൾ തയ്യാറാക്കൽ<br>ചുമർ ചിത്രങ്ങൾ<br>പോസ്റ്ററുകൾ. | June - March | അറബി ടീച്ചർ. | |

കലാപ്രവൃത്തിപരിചയം.

ലക്ഷ്യങ്ങൾ

· നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.

· പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വർധിപ്പിക്കുക.

· കലാഭിരുചി വളർത്തുക.

· ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം കൊടുക്കുക.

1. പ്രവൃത്തിപരിചയ ശില്പശാല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ പരിശീലനം ലഭ്യമാക്കൽ - ചന്ദനത്തിരി നിർമ്മാണം, പാവനിർമ്മാണം, ചോക്ക് etc. | September | S.R.G. | |
| നിർമ്മാണ പ്രവർത്തനത്തിൽ കുട്ടികളെ പങ്കാളിയാക്കുക. | പേപ്പർബാഗ് നിർമ്മാണ പരിശീലനം സ്കൂളിൽ ആരംഭിക്കുക. | July - March. | S.R.G. | |
| ഒറിഗാമി. ഇതര വിഷയങ്ങളുമായി പ്രവൃത്തിപരിചയ അനുഭവങ്ങൾ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകി പാഠഭാഗവുമായി ബന്ധിപ്പിക്കുക. | July | S.S.K. | |

# ആരോഗ്യകായിക വിദ്യാഭ്യാസം.

## ലക്ഷ്യങ്ങൾ

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെക്കൊണ്ട് ലക്ഷ്യം കൈവരിക്കുന്നതിനു പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായിക-ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക. ഹരിതാഭമാക്കുക.

1) കായികാരോഗ്യം.

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ കൊണ്ട് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സ്കിപ്പിംഗ് പരിശീലനം<br>ഷട്ടിൽ പരിശീലനം<br>സുംബാ പരിശീലനം. | June-March. | എച്ച്.എം.<br>S.R.G.<br>പി.ടി.എ. | |
| 2) ഹെൽത്ത് ചെക്കപ്പ്. | | | | |
| എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേർമിനൽ ഹെൽത്ത് ചെക്കപ്പ്. | ജൂൺ-സെപ്തംബർ | പി.എച്ച്.സി. | |
| | | | | |

## ഐ.സി.ടി.

### ലക്ഷ്യങ്ങൾ

- വിവരവിനിമയ സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

1) വിവരസാങ്കേതിക വിദ്യയിൽ പരിശീലനം·

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ. | ക്ലാസ്ടീച്ചർ ഓരോ മാസത്തിലും. | ക്ലാസ്ടീച്ചർ | |
| 2) ഐടി ലാബ്· | | | | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പരിശീലനപരിപാടികൾ/പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | July - Feb. | ക്ലാസ്ടീച്ചർ | |